Draft #8 of File 50408/AD A1.1/2019/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 21-Dec-2019 04:45 PM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>സംഗ്രഹം</u>

ഭരണകാര്യം - 'നാളത്തെ കേരളം ലഹരി വിമുക്ത നവകേരളം' എന്ന പരിപാടിയുമായി ബന്ധപ്പെട്ട് 19.12.2019-ന് വൈസ് ചാൻസിലറുടെ ചേമ്പറിൽ കൂടിയ സർവ്വകലാശാലയിലെ ലഹരി വിരുദ്ധ കമ്മറ്റി യോഗത്തിൻറെ നടപടിക്കുറിപ്പ് - വൈസ് ചാൻസിലർ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 6617/AD A1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 23.12.2019

---

പരാമർശം:-1. സർവ്വകലാശാല ഉത്തരവ് നം. 6437/AD A1/2019/എം.ജി.യു. തീയതി 13.12.2019.

2. 'നാളത്തെ കേരളം ലഹരി വിമുക്ത നവകേരളം' എന്ന പരിപാടിയുമായി ബന്ധപ്പെട്ട് 19.12.2019-ന് വൈസ് ചാൻസിലറുടെ ചേമ്പറിൽ കൂടിയ യോഗത്തിൻറെ നടപടിക്കുറിപ്പ് (വൈസ് ചാൻസിലർ അംഗീകരിച്ചത്).

<u>ഉത്തരവ്</u>

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് വേണ്ടി 'നാളത്തെ കേരളം ലഹരി വിമുക്ത നവകേരളം' എന്ന പേരിൽ 90 ദിന തീവ്രയജ്ഞ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിൻറെ ഭാഗമായി, ലഹരി വിരുദ്ധ കമ്മിറ്റി സർവ്വകലാശാലയിൽ രൂപീകരിക്കുന്നതിന് പരാമർശം (1) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായിരുന്നു. ടി കമ്മറ്റിയുടെ ഒരു യോഗം വൈസ് ചാൻസിലറുടെ ചേംബറിൽ വെച്ച് 19.12.2019-ന് രാവിലെ 10.30-ന് കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ലഹരിവിമുക്ത കാര്യപരിപാടികളെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തിയ ശേഷം കമ്മറ്റി കൈക്കൊണ്ടിട്ടുള്ള താഴെ പരാമർശിക്കുന്ന തീരുമാനങ്ങൾ അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. സർവ്വകലാശാല അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സംഘടനാ പ്രതിനിധികൾ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു ലഹരി വിരുദ്ധ ക്ലബ് സർവ്വകലാശാലാ ക്യാമ്പസിൽ രൂപീകരിക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തി.
2. സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ കോളേജുകളിലും 2020 ജനുവരി 15-നുള്ളിൽ ലഹരി വിരുദ്ധ ക്ലബ് രൂപീകരിക്കുവാൻ നിർദ്ദേശിച്ച് ബന്ധപ്പെട്ട കോളേജ് അധികൃതർക്ക് നിർദ്ദേശം നൽകുവാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തി.
3. എക്സൈസ് വകുപ്പിൻറെയും പൊലീസ് വകുപ്പിൻറെയും നേതൃത്വത്തിൽ നടത്തുന്ന ലഹരി വിരുദ്ധ പരിപാടികളുമായി ബന്ധപ്പെട്ട് ഒരു ക്ലാസ്സ് 2020 ജനുവരി 15-നകം സംഘടിപ്പിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് മേധാവികളുമായി ബന്ധപ്പെട്ട് അനുയോജ്യമായ തീയതി നിശ്ചയിച്ച് പരിപാടികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ തീരുമാനിച്ചു.
4. ലഹരിവിരുദ്ധ ക്ലാസ്സ് / പരിപാടികളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ കോളേജുകൾക്ക് നൽകുവാൻ നിർദ്ദേശിച്ചു. (Excise Circle Inspector, EE & ANSS, Kottayam - 9400069506, Narcotic Cell, Kottayam: DYSP - 9497990048, SI - 9497961661).

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
3. ജോയിൻറ് രജിസ്ട്രാർ/ ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/പരീക്ഷ/അക്കാദമികം/ധനകാര്യം)
4. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. സർവ്വകലാശാല
5. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/എഡി.എ III
6. എസി.എ 1/എസി.എ7/എസി.എ8 (തുടർനടപടികൾക്കായി)
7. പബ്ലിക് റിലേഷൻസ് ഓഫീസർ
8. റിക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #8 of File 50408/AD A1.1/2019/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 21-Dec-2019 04:45 PM - Page 2